# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.**30** **10/12/2012**-ൽ മറുപടിക്ക്

### സിനിമാ തിയേറ്ററുകളിൽ ഇ- ടിക്കറ്റ്

ചോദ്യം ഉത്തരം

ശ്രീ ആർ. സെൽവരാജ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി.റ്റി.ബൽറാം
ശ്രീ.എ.റ്റി. ജോർജ്

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിൽ ഇ ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ വരുമാന സ്രോതസ്സുകളിൽ ഒന്ന് സിനിമ ടിക്കറ്റ് വിലയിൽ സെസ് ഏർപ്പെടുത്തി പിരിച്ചെടുക്കുന്ന തുകയാണ്. ഇതിനായി, സിനിമാ ടിക്കറ്റുകളിൽ നിന്നും ലഭിക്കേണ്ടതായിട്ടുള്ള വിനോദ നികുതിയോടൊപ്പം, സിനിമാ പ്രേക്ഷകരിൽ നിന്നും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേക്ക് വന്നു ചേരേണ്ട സെസ് തുക കൃത്യമായി പിരിച്ചെടുക്കുന്നതിനാണ് ഇ ടിക്കറ്റിംഗ് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകളിലും കൗണ്ടറുകളിൽ ഇന്റർനെറ്റ് കണക്ഷനുള്ള ടിക്കറ്റിംഗ് മെഷ്യനുകൾ സ്ഥാപിച്ച്, ഒരു സെൻട്രൽ സെർവറുമായി ബന്ധപ്പെടുത്തിയുള്ള മൂവി തിയേറ്റർ ഓട്ടോമേഷൻ ആന്റ് നെറ്റ് വർക്കിംഗ് സിസ്റ്റം എന്ന സംവിധാനത്തിലൂടെയാണ് ഇ-ടിക്കറ്റിംഗ് നടപ്പിലാക്കുന്നത്. |
| (ബി) | ഈ സംവിധാനം കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ സംവിധാനത്തിൽ, ഇതിനായി സ്ഥാപിച്ചിട്ടുള്ള സെർവറിന്റെ ഡേറ്റാബേസിൽ കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനാൽ സിനിമാ പ്രേക്ഷകരിൽ നിന്നും സർക്കാർ ഖജനാവിലേക്ക് എത്തിച്ചേരേണ്ട വിനോദനികുതി, ക്ഷേമനിധിക്ക് ലഭ്യമാകാനുള്ള സെസ്സ് തുക എന്നിവ കൃത്യമായി വസൂലാക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ സിനിമാ നിർമ്മാതാക്കൾ, |

| | | | |
|---|---|---|---|
| | | | ഫിലിം വിതരണക്കാർ എന്നിവർക്ക് ഓരോ ദിവസത്തെയും കളക്ഷൻ സംബന്ധിച്ച് വിലയിരുത്തുവാനും ലഭിക്കാനുള്ള വിഹിതം സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാകുന്നതിനും സൗകര്യമുണ്ടാകും. കൂടാതെ പ്രേക്ഷകർക്ക് ഓൺലൈനിലൂടെ ടിക്കറ്റ് റിസർവ്വ് ചെയ്യാൻ സൗകര്യമൊരുക്കുന്നതിലൂടെ തിയേറ്ററുകളിലേക്ക് കൂടുതൽ കുടുംബ പ്രേക്ഷകരെ ആകർഷിക്കുവാനും സാധിക്കും. ഓൺലൈൻ ടിക്കറ്റിൽ സീറ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിരിക്കുന്നതിനാൽ അനധികൃതമായും ടിക്കറ്റില്ലാതെയും പ്രേക്ഷകർ ഓഡിറ്റോറിയത്തിനുള്ളിൽ പ്രവേശിക്കുന്നത് തടയാൻ കഴിയും |
| (സി) | നികുതി വെട്ടിപ്പ് തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | ഇ- ടിക്കറ്റിംഗ്, ടിക്കറ്റ് വിതരണം സുതാര്യമാക്കുന്നതോടൊപ്പം ഇതിനായി സ്ഥാപിച്ചിട്ടുള്ള സെർവറിന്റെ ഡേറ്റാ ബേസിൽ ഓരോ ദിവസത്തെയും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുമെന്നതിനാൽ വിനോദനികുതിയിനത്തിലും ക്ഷേമനിധി സെസ്സ് ഇനത്തിലും എത്തിച്ചേരേണ്ട തുക എത്രയെന്ന് കണക്കാക്കി അവ കൃത്യമായി തിയേറ്റർ ഉടമകളിൽ നിന്നും ഈടാക്കുവാൻ കഴിയുന്നതാണ്. മാത്രമല്ല, തിയേറ്റർ കൗണ്ടറുകളിൽ സ്ഥാപിച്ചിട്ടുള്ള ടിക്കറ്റ് മെഷ്യനിൽ വിനോദ നികുതിയിനത്തിലും ക്ഷേമനിധി സെസ്സ് ഇനത്തിലും അതാത് തിയേറ്റർ ഉടമകൾ ഒടുക്കേണ്ട തുക കൃത്യമായി രേഖപ്പെടുത്തുമെന്നതിനാൽ, അവ കൃത്യമായി അടക്കുന്നതിൽ നിന്നും തിയേറ്റർ ഉടമകൾക്ക് ഒഴിഞ്ഞുമാറാനാവില്ല. അതിനാൽ നികുതി വെട്ടിപ്പ് ഉണ്ടാകില്ല. |
| (ഡി) | ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | പരീക്ഷണാടിസ്ഥാനത്തിൽ ഇ-ടിക്കറ്റിംഗ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ കീഴിൽ പാലക്കാട്(ചിറ്റൂർ), നോർത്ത് പറവൂർ, ചേർത്തല, തിരുവനന്തപുരം(കൈരളി/ശ്രീ/നിള), തൃശ്ശൂർ കൈരളി/ശ്രീ) കോഴിക്കോട്(കൈരളി/ശ്രീ), എന്നിവിടങ്ങളിലെ തിയേറ്ററുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് ഏർപ്പെടുത്തുന്നതിന് ക്ഷേമനിധിയിലേക്ക് സെസ്സ് തുക ഈടാക്കുന്നതിനും നിയമ പ്രാബല്യം നൽകി, 1961-ലെ കേരള ലോക്കൽ അതോറിറ്റിസ് എന്റർടെയിൻമെൻറ്സ് ടാക്സ് ആക്ട് -ന് ഭേദഗതികൾ വരുത്തി കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് (അമെന്റ്മെന്റ്)ഓർഡിനൻസ് 2012 ൽ പുറപ്പെടുവിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ